പതിനാലാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. 1333

03.10.2016-ൽ മറുപടിയ്ക്ക്.

## കഞ്ചാവും മറ്റ് ലഹരി പദാർത്ഥങ്ങളും ഉപയോഗിച്ചതിനുശേഷമുള്ള ഡ്രൈവിംഗ്

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. എം.എം.മണി | ശ്രീ. പിണറായി വിജയൻ (ബഹു. മുഖ്യമന്ത്രി) |
| (എ) കഞ്ചാവും മറ്റ് ലഹരി പദാർത്ഥങ്ങളും ഉപയോഗിച്ചതിനുശേഷം വാഹനം ഓടിക്കുന്നവരെ കണ്ടു പിടിക്കാനും കേസെടുക്കാനും സംവിധാനം നിലവിലുണ്ടോ ; | (എ) കഞ്ചാവും മറ്റ് ലഹരി പദാർത്ഥങ്ങളും ഉപയോഗിച്ചതിനു ശേഷം വാഹനം ഓടിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ കുറ്റക്കാരെ രക്തപരിശോധനയ്ക്ക് വിധേയമാക്കി നിയമ നടപടികൾ സ്വീകരിക്കുവാൻ നിലവിൽ സംവിധാനമുണ്ട്. |
| (ബി) ഇപ്രകാരം ലഹരിയിൽ വാഹനം ഓടിക്കുന്നവർക്കെതിരെ ഏതു വകുപ്പ് ചുമത്തിയാണ് കേസെടുക്കുന്നത്; | (ബി) MV Act ലെ സെക്ഷൻ 185 (a) & (b) പ്രകാരമാണ് ഇവർക്കെതിരെ കേസ് രജിസ്റ്റർ ചെയ്ത് നിയമ നടപടികൾ സ്വീകരിക്കുന്നത്. |
| (സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര പേർക്കെതിരെ ഇപ്രകാരം കേസ് എടുത്തിട്ടുണ്ട് ; | (സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം സെപ്റ്റംബർ 15 വരെ മദ്യപിച്ച് വാഹനമോടിച്ചതിന് 65,226 പേർക്കെതിരെ കേസ് എടുത്തിട്ടുണ്ട്. എന്നാൽ കഞ്ചാവും മറ്റ് ലഹരി പദാതഥങ്ങളും ഉപയോഗിച്ച് വാഹനം ഓടിച്ചതുമായി ബന്ധപ്പെട്ട് കേസുകൾ രജിസ്റ്റർ ചെയ്തിട്ടില്ല. |
| (ഡി) അന്യസംസ്ഥാനത്ത് നിന്നും വരുന്ന വാഹനങ്ങൾ ഓടിക്കുന്നവർ ഇത്തരം ലഹരി വസ്തുക്കൾ കൂടുതലായി ഉപയോഗിക്കുന്നു എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

| | | | |
|---|---|---|---|
| (ഈ) | ലഹരി പദാർത്ഥങ്ങൾ ഉപയോഗിച്ച ശേഷം വാഹനം ഓടിക്കുന്നവർക്കെതിരെ കൂടുതലായി എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വിശദീകരിക്കാമോ ? | (ഈ) | ഇത്തരത്തിലുള്ള സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ കുറ്റക്കാർക്കെതിരെ കർശന നിയമ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ